02/08/2025

SATURDAY ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor: SINDHU. KS** **Editor: Dr. V. Krishnadas**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 02/08/2025

1. ചെറുകിടനാമമാത്ര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി **പ്രധാൻമന്ത്രി കിസാന് സമ്മാൻ നിധി (പി.എം. കിസാൻ)** എന്ന കേന്ദ്രാവിഷ്കൃത പദ്ധതി, 100% കേന്ദ്രവിഹിതത്തോടെ 2018-19 സാമ്പത്തിക വർഷത്തിൽ 2018 ഡിസംബർ മാസം ഒന്നാം തീയ്യതി മുതൽ നടപ്പിലാക്കി വരുന്നു. പി.എം. കിസാൻ പദ്ധതി നടപ്പിലാക്കുന്നതിലൂടെ കർഷകരുടെ വാങ്ങൽ ശേഷി ഉയർത്തുന്നതിനും മെച്ചപ്പെട്ട കാർഷിക ഉത്പാദന ഉപാധികൾ ഉപയോഗിക്കുന്നതിന് കർഷകരെ പ്രാപ്തരാക്കുന്നതിനും, വായ്പാ കെണികളിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിനും ലക്ഷ്യമിടുന്നു. **പി.എം.കിസാൻ പദ്ധതിയുടെ 20-ാം ഗഡു വിതരണം ഇന്ത്യ ഗവൺമെൻ്റിലെ കൃഷി, കർഷക ക്ഷേമ മന്ത്രാലയവും ഉത്തർപ്രദേശ്സർക്കാർ കൃഷി വകുപ്പും ചേർന്ന് 2025ആഗസ്റ്റ്2-ന് ഉത്തർപ്രദേശിലെവാരണാസിയിൽസംഘടിപ്പിക്കുന്ന ചടങ്ങിൽ വച്ച് ബഹു. പ്രധാനമന്ത്രി ഉദ്ഘാടനംചെയ്യും. തദ്ദിവസം ഇന്ത്യയൊട്ടാകെ പി.എം. കിസാൻ ദിവസ് ആയി ആചരിക്കുവാൻ കേന്ദ്ര ഗവണ്മെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്.** ഈ പരിപാടിക്കുടുതൽ ശ്രദ്ധേയമാക്കുന്നതിന്, എല്ലാ കൃഷി വിജ്ഞാന കേന്ദ്രങ്ങളിലും (KVKs) സമാന്തര പരിപാടികൾസംഘടിപ്പിക്കുന്നു. പി.എം-കിസാൻ പദ്ധതിയുടെ 20-ാം ഗഡു ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഇ-കെവൈസി പൂർത്തിയാക്കൽ, ലാൻഡ് സീഡിംഗ്, ഗുണഭോക്തൃ കർഷകരുടെ ബാങ്ക് അക്കൗണ്ടിൻ്റെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ആധാർ സീഡിംഗ് എന്നിവ നിർബന്ധമാണ്. കർഷകരെ PMKISAN-ന് കീഴിൽ യോഗ്യരാക്കുന്നതിന്, ലാൻഡ് സീഡിംഗ്, ആധാർ സീഡിംഗ്, ഇ-കെവൈസി പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

2. കേരള കാർഷിക സർവ്വകലാശാലയ്ക്ക് കീഴിലുള്ള വെള്ളാനിക്കര ഫലവർഗ്ഗവിള ഗവേഷണ കേന്ദ്രത്തിൽ മുന്തിയ ഇനം നടീൽ വസ്തുക്കൾ വില്പനക്ക് തയ്യാറായിട്ടുണ്ട്. സപ്പോട്ട, പേര, പ്ലാവ്ബഡ്, ചാമ്പലെയർ, കുരുമുളക്, മാവ്ഗ്രാഫ്റ്റ്, കുടംപുളി, നാരകം, അത്തിപ്പഴം, മിറാക്കിൾഫ്രൂട്ട്, കൊക്കോ, പ്ലം, വെസ്റ്റ് ഇന്ത്യൻ ചെറി, ബറാബ ചെറി, കറിവേപ്പ്, സീതാപഴം, പപ്പായ തൈകൾ, ഡ്രാഗൺ ഫ്രൂട്ട് കട്ടിംഗ്സ് (2ft) എന്നീ നടീൽ വസ്തുക്കൾ ലഭ്യമാണ്. ആവശ്യമുള്ളവർ 0487 2373242 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

1. സെൻറർ ഫോർ അഗ്രികൾച്ചറൽ ഇന്നോവേഷൻസ് ആൻഡ് ടെക്നോളജി ട്രാൻസ്ഫർ (CAITT) വെള്ളായണി കാർഷിക കോളേജിൽ വെച്ച് **"ഫലവർഗ്ഗ വിളകളിലെ കായിക പ്രവർദ്ധനം"** (ബഡിങ്, ലയെറിങ്, ഗ്രാഫ്റ്റിംഗ്) എന്ന വിഷയത്തിൽ ഈ മാസം 5ന് (05/08/2025), ഏകദിന പരിശീലന പരിപാടിയിലേക്ക് അപേക്ഷകരെ ക്ഷണിക്കുന്നു. താല്പര്യമുള്ളവർ 8891540778 എന്ന നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രജിസ്ട്രേഷൻ ഫീസ് ₹500/-. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് മാത്രമാണ് പ്രവേശനം ലഭിക്കുക.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "കൂൺ കൃഷി" എന്ന വിഷയത്തിലും , "നഴ്സറി പരിപാലനവും സസ്യ പ്രവർദ്ധനരീതികളും (ബഡിംഗ് ആന്റ് ഗ്രാഫ്റ്റിംഗ്)" എന്നീ 2 വിഷയങ്ങളിൽ **ഇന്ന്** (2025 ആഗസ്റ്റ് 2ന്) ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് ഓരോ വിഷയത്തിനും 300/- രൂപ. താൽപര്യമുള്ളവര് **9400483754** എന്ന ഫോൺ നമ്പറിൽ ഓഫീസ് സമയങ്ങളിൽ വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.

3. ക്ഷീരവികസന വകുപ്പിൻ്റെ തിരുവനന്തപുരം, പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 ഓഗസ്റ്റ് 04 മുതൽ 08 വരെ "ശാസ്ത്രീയമായ പശുപരിപാലനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിനബത്തയും, 100/- രൂപ യാത്രാബത്തയും നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിൻ്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിൻ്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഇന്ന് (2025 ഓഗസ്റ്റ് 2

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ന്) വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 - 2440911 മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം.പി.ഒ., തിരുവനന്തപുരം -695004, Email ID:principaldtctvm@gmail. Com

4. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതിചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീരപരിശീലന കേന്ദ്രത്തിൽ വെച്ച് 06.08.2025, 07.08.2025 തീയതികളിലായി കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരകർഷകർക്ക് **"സുരക്ഷിതമായ പാലുൽപാദനം"** എന്ന വിഷയത്തിൽ പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ. ആധാർ കാർഡിൻറെയും ബാങ്ക് പാസ്സ്ബുക്കിന്റെയും പകർപ്പുകൾ പരിശീലന സമയത്ത് ഹാജരാക്കുന്നവർക്ക് ദിനബത്ത, യാത്രാബത്ത എന്നിവ ലഭിക്കുന്നതാണ്. പരിശീലനത്തിന് താത്പര്യമുള്ളവർ ഇന്ന് (02.08.2025ന്) വൈകുന്നേരം 5 മണിക്ക് മുൻപായി 0495-2414579 എന്ന ഫോൺ നമ്പർ മുഖാന്തരമോ നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതും കൺഫർമേഷൻ ലഭിച്ചവരെ മാത്രം പരിശീലനത്തിന് പങ്കെടുപ്പിക്കുന്നതുമാണ്.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**കാർഷിക നിർദേശം**

1. മഴക്കാലമായതിനാൽ വാഴയിൽ കുമിൾ രോഗമായ ഇലപ്പുള്ളിരോഗത്തിനു മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. 2 ആഴ്ചക്കു ശേഷവും രോഗത്തിനു കുറവില്ലെങ്കിൽ 1 മി.ലി ടെബുകൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ പശ ചേർത്ത് ഇലയുടെ അടിയിൽ പതിയത്തക്കവിധം രണ്ടാഴ്ചയിലൊരിക്കൽ തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം